**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1768** **15-03-2022 - ൽ മറുപടിയ്ക്ക്**

**ബാലികാമന്ദിരങ്ങളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ. എം.കെ . മുനീർ** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ബാലികാമന്ദിരത്തിൽ നിന്നും 6 പെൺകുട്ടികളെ കാണാതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തെക്കുറിച്ച് സമഗ്രാന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗേൾസ് ചിൽഡ്രൻസ് ഹോമിൽ നിന്ന് 26.01.2022 വൈകുന്നേരം 4 മണിക്ക് ശേഷമാണ് ടി സ്ഥാപനത്തിലെ താമസക്കാരായ 6 പെൺകുട്ടികളെ കാണാതായ വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻ തന്നെ ഈ വിവരം 05.10 ന് ഫോൺ മുഖാന്തിരം പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും തുടർന്ന് രേഖാമൂലം പരാതി നൽകുകയും ചെയ്തിരുന്നു. പോലീസ് നടത്തിയ അന്വേഷണത്തെ തുടർന്ന് കാണാതായ കുട്ടികളെ 30-01-2022-ൽ ബാംഗ്ലൂരിൽ നിന്ന് തിരികെ സ്ഥാപനത്തിൽ എത്തിച്ചിരുന്നു. മേൽ വിവരിച്ച 6 കുട്ടികളിൽ 4 പേർ 02.12.2021 മുതൽ 22.01.2022 വരെയുള്ള കാലയളവിലും മറ്റ് രണ്ട് പേർ 25.01.2022 ലുമാണ് സ്ഥാപനത്തിൽ പ്രവേശിക്കപ്പെട്ടത്. ഇതിൽ ഒരാളുടെ സാമൂഹിക അന്വേഷണ റിപ്പോർട്ട് മാത്രമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ നൽകിയിരുന്നത്. ആയതിനാൽ CWC മുഖാന്തിരം ടി കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. സ്ഥാപനത്തിൽ ഒരു കുട്ടി പുതുതായി എത്തപ്പെടുമ്പോൾ 2016-ലെ ജെ.ജെ റൂൾ 69(ജി) പ്രകാരം ആ കുട്ടിയുടെ ഉത്തരവാദിത്തം പ്രത്യേകം ഏറ്റെടുക്കുന്നതിന് ചൈൽഡ് വെൽഫെയർ ഓഫീസർ/കേസ് വർക്കർ എന്നിവരെ ചുമതലപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് സ്ഥാപന സൂപ്രണ്ടിന് |

| | | | |
|---|---|---|---|
| | | | സാധിച്ചിരുന്നില്ല. കുട്ടികളെ കാണാതായ ദിവസം സൂപ്രണ്ട് അവധിയായിരുന്നു. ക്ഷേമ സ്ഥാപന സൂപ്രണ്ട് അവധി വിനിയോഗിക്കുന്നതിന് മുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ മേൽ സംഭവം ടിയാളുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അത് ഗൗരവത്തോടെ കാണുകയോ തുടർനടപടി സമയബന്ധിതമായി സ്വീകരിച്ചതായോ കാണുന്നില്ല എന്നത് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. അതിനെ തുടർന്ന് സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റിയിട്ടുണ്ട്. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ദിവസ വേതന കെയർ ടേക്കറെ സ്ഥാപനത്തിൽ നിന്നും പിരിച്ചു വിട്ടു. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാലികാമന്ദിരങ്ങൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ബാലികാമന്ദിരങ്ങൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. എല്ലാ ഹോമുകളിലും സി.സി.റ്റി.വി ക്യാമറകൾ കൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ